# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.88/PR/PIC/PHQ/18 Date : 13.04.2018

---

### പ്രഥമ ദേശീയ മാസ്റ്റേഴ്സ് വെയ്റ്റ്ലിഫ്റ്റിങ് ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിച്ച പോലീസ് ടീമിന് അഭിമാനാർഹമായ നേട്ടം

2018 ഏപ്രിൽ മാസം ചണ്ഡീഗഡിൽ നടന്ന ദേശീയ മാസ്റ്റേഴ്സ് വെയ്റ്റ് ലിഫ്റ്റിങ് ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത കേരള പോലീസ് ടീം അംഗങ്ങൾക്ക് വെയ്റ്റ് ലിഫ്റ്റിങ് വിഭാഗത്തിൽ നാല് സ്വർണ്ണവും ഒരു വെള്ളിയും രണ്ട് വെങ്കലവും, അത്‌ലറ്റിക്സ് ഇനമായ ഷോട്ട്പുട്ടിൽ ഒരു വെള്ളി മെഡലും ലഭിച്ചു. വെയ്റ്റ് ലിഫ്റ്റിങിൽ 56 കിലോ ഗ്രാം വിഭാഗത്തിൽ തൃശ്ശൂർ ചെറുതുരുത്തി പോലീസ് സ്റ്റേഷനിലെ സീനിയർ സിവിൽ പോലീസ് ഓഫീസർ വി ജി ഗണേഷ് , 62 കിലോ ഗ്രാം വിഭാഗത്തിൽ പാലക്കാട് മണ്ണാർക്കാട് പോലീസ് സ്റ്റേഷനിലെ അസിസ്റ്റന്റ് സബ്ബ് ഇൻസ്പെക്ടർ രമേശ് സി എസ്, 77 കിലോ ഗ്രാം വിഭാഗത്തിൽ പാലക്കാട് കൊഴിഞ്ഞാംപാറ പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസർ മധു എ, 85 കിലോ ഗ്രാം വിഭാഗത്തിൽ പാലക്കാട് റെയിൽവേ പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസർ വിജയാനന്ദ് സി എന്നിവർ സ്വർണ്ണ മെഡലുകളും 94 കിലോ ഗ്രാം വിഭാഗത്തിൽ തൃശ്ശൂർ സിറ്റി ജില്ലാ ക്രൈം ബ്രാഞ്ചിലെ സീനിയർ സിവിൽ പോലീസ് ഓഫീസർ ബിജു എ വെള്ളി മെഡലും 105 കിലോ ഗ്രാം വിഭാഗത്തിൽ തൃശ്ശൂർ കുന്ദംകുളം പോലീസ് സ്റ്റേഷനിലെ സീനിയർ സിവിൽ പോലീസ് ഓഫീസർ ജോയ് തോമസ് , തൃശ്ശൂർ മുനക്കാക്കടവ് കോസ്റ്റൽ പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസർ സുനിൽ കുമാർ എന്നിവർ വെങ്കലവും നേടി.

അത്‌ലറ്റിക്സിലെ ഷോട്ട്പുട്ട് വിഭാഗത്തിൽ തൃശ്ശൂർ മുനക്കാക്കടവ് കോസ്റ്റൽ പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസർ സുനിൽ കുമാർ വെള്ളി മെഡലും നേടി. അഭിമാനാർഹമായ ഈ നേട്ടങ്ങൾ കൈവരിച്ച പോലീസ് ഉദ്യോഗസ്ഥരെ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ അഭിനന്ദിച്ചു.

**ഫോട്ടോ ക്യാപ്ഷൻ** : ചണ്ഡീഗഡിൽ നടന്ന ദേശീയ മാസ്റ്റേഴ്സ് വെയ്റ്റ് ലിഫ്റ്റിങ് ചാമ്പ്യൻഷിപ്പിൽ മെഡൽ നേടിയ കേരളാ പോലീസ് സേനാംഗങ്ങൾ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറയ്ക്കും ഐ ജി മനോജ് എബ്രഹാമിനുമൊപ്പം.

*********